23 സെപ്റ്റംബർ 2020 ബുധനാഴ്ച 1196 കന്നി 07

mathrubhumi.com
/mathrubhumidotcom
/mathrubhumi

# മാതൃഭൂമി

MATHRUBHUMI THE NATIONAL DAILY IN MALAYALAM

KOZHIKODE | KOCHI | THIRUVANANTHAPURAM | THRISSUR | KANNUR | KOTTAYAM | MALAPPURAM | KOLLAM | PALAKKAD | ALAPPUZHA | MUMBAI | CHENNAI | BENGALURU | DELHI | DUBAI

WT

പേജ് 12 | വില ₹ 7.50

## ഇന്ന് ലോക ആംഗ്യഭാഷാദിനം

*ഇത് അക്ഷരങ്ങൾ കൊണ്ടുള്ള അടിക്കുറിപ്പല്ല... മൗനം വാചാലമാകുന്ന ആംഗ്യ ഭാഷകൊണ്ടുള്ള അടയാളപ്പെടുത്തലാണ് . കൊച്ചിയിലെ പാലാരിവട്ടം മേൽപ്പാലം പൊളിച്ചു പണിയാമെന്ന സുപ്രിം കോടതി വിധി വന്നപ്പോൾ പാലത്തിൽ നിന്നുകൊണ്ട് ആംഗ്യ ഭാഷയിലൂടെ " പാലാരിവട്ടം പാലം പൊളിക്കുന്നു" എന്ന് പറയുന്ന കേൾവിശക്തിയില്ലാത്ത ഇടപ്പള്ളി സ്വദേശിനി റീന*

International Day of Sign Languages

# പാലാരിവട്ടം പാലം







# പൊളിക്കണം

### പാലാരിവട്ടം മേൽപ്പാലം പൊളിച്ചുപണിയാം -സുപ്രീംകോടതി

**ന്യൂഡൽഹി** ▸ പാലാരിവട്ടം മേൽപ്പാലം പൊളിച്ചുപണിയാൻ സംസ്ഥാനസർക്കാരിന് സുപ്രീംകോടതി അനുമതി നൽകി. പാലത്തിന്റെ ബലക്ഷയം കണ്ടെത്തുന്നതിന് ഭാരപരിശോധന നടത്തണമെന്നും കരാറുകാരായ ആർ.ഡി.എസ്. കമ്പനി ഇതിന്റെ ചെലവ് വഹിക്കണമെന്നും ആവശ്യപ്പെടുന്ന ഹൈക്കോടതി ഉത്തരവ് ചോദ്യംചെയ്ത് സംസ്ഥാനസർക്കാർ നൽകിയ അപ്പീലിലാണ് ജസ്റ്റിസ് ആർ.എഫ്. നരിമാൻ അധ്യക്ഷനായ ബെഞ്ചിന്റെ ഉത്തരവ്. പൊതുതാത്പര്യം മുൻനിർത്തി പാലംപണി വേഗത്തിലാക്കണമെന്നും കോടതി പറഞ്ഞു.

ഹൈക്കോടതി ഉത്തരവ് ചോദ്യംചെയ്തതിനുപുറമേ, ഹർജി ഉടൻ പരിഗണിച്ച് പാലം അടിയന്തരമായി പുതുക്കിപ്പണിയാൻ അനുവദിക്കണമെന്നായിരുന്നു സംസ്ഥാനസർക്കാരിന്റെ ആവശ്യം. പുനർനിർമിക്കാതെ പാലം ഉപയോഗിക്കാനാവില്ലെന്ന് ഡി.എം.ആർ.സി.യുടെ മുഖ്യ ഉപദേഷ്ടാവ് ഇ. ശ്രീധരൻ പറഞ്ഞിട്ടുണ്ടെന്ന് സംസ്ഥാന സർക്കാരിനുവേണ്ടി അറ്റോർണി ജനറൽ കെ.കെ. വേണുഗോപാൽ ചൂണ്ടിക്കാട്ടി. പുനർനിർമിച്ചാൽ നൂറുവർഷംവരെ ആയുസ്സുണ്ടാകും. ചെന്നൈ ഐ.ഐ.ടി. ഉൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളുടെയും ഗതാഗതമന്ത്രാലയം നിയോഗിച്ച ചീഫ് എൻജിനിയർമാർ ഉൾപ്പെടുന്ന ഉന്നതതല വിദഗ്ധസമിതിയുടെയും റിപ്പോർട്ടുകൾ പരിശോധിച്ചാണ് പാലം പുതുക്കിപ്പണിയാൻ സർക്കാർ തീരുമാനിച്ചതെന്നും അദ്ദേഹം അറിയിച്ചു. അറ്റോർണി ജനറലിന്റെ വാദങ്ങൾ അംഗീകരിച്ചുകൊണ്ടാണ് ചൊവ്വാഴ്ചത്തെ ഉത്തരവ്.

ഭാരപരിശോധന നടത്താൻ കഴിയില്ലെന്ന സംസ്ഥാനസർക്കാർ നിലപാടിനെ കൺസൾട്ടൻസി സ്ഥാപനമായ കിറ്റ്കോ ശക്തമായി എതിർത്തിരുന്നു.

### പുനർനിർമാണം ഉടൻ

പാലത്തിന്റെ പുനർനിർമാണം ഉടൻ. മുഖ്യമന്ത്രിയുമായുള്ള കൂടിയാലോചനയ്ക്കുശേഷം നിർമാണപ്രവർത്തനങ്ങൾക്ക് കാബിനറ്റ് ചുമതലപ്പെടുത്തിയ ഇ. ശ്രീധരനോട് ഫോണിൽ സംസാരിച്ചു. അനുഭാവപൂർവമായ നിലപാട് സ്വീകരിക്കാമെന്ന് അറിയിച്ചു.

**- മന്ത്രി ജി.സുധാകരൻ**

### വീണ്ടും പഞ്ചവടിപ്പാലം

▸ 1984 ൽ ഇതേ മാസത്തിലാണ് കെ.ജി. ജോർജിന്റെ പ്രശസ്തമായ സിനിമ പഞ്ചവടിപ്പാലം പുറത്തിറങ്ങിയത്. രാഷ്ട്രീയവും നർമവും ഇടകലർത്തിയ സിനിമയിൽ ഭരത് ഗോപിയും ശ്രീവിദ്യയും നെടുമുടി വേണുവും ശ്രീനിവാസനുമൊക്കെയായിരുന്നു പ്രധാന കഥാപാത്രങ്ങൾ. ഒരു പാലം പണിയിലെ അഴിമതിയും രാഷ്ട്രീയവും ഒടുവിൽ ഉദ്ഘാടനദിവസംതന്നെ പാലം തകരുന്നതുമാണ് കഥാതന്തു. പാലാരിവട്ടം പാലം കേസ് വന്നപ്പോൾ ഹൈക്കോടതിതന്നെ ഈ സിനിമയെക്കുറിച്ച് പരാമർശിച്ചിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിർമിച്ച പാലത്തിന് ബലക്ഷയമുണ്ടായതോടെ മുൻമന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് അടക്കമുള്ളവരെ പ്രതിയാക്കി വിജിലൻസ് കേസെടുത്തിരുന്നു.



1984 സെപ്റ്റംബർ 28

### ചായയിൽ ചർച്ചയില്ല

*പാർലമെന്റ് വളപ്പിൽ രാപകൽ പ്രതിഷേധസമരം നടത്തിയ, രാജ്യസഭയിൽനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട പ്രതിപക്ഷാംഗങ്ങളെ രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിങ് (വലത്തേയറ്റം) സന്ദർശിച്ചപ്പോൾ. കാർഷിക ബില്ലുകൾ പാസാക്കാൻ ഉപാധ്യക്ഷൻ വഴിവിട്ട് പ്രവർത്തിച്ചെന്നാരോപിക്കുന്ന അംഗങ്ങൾക്ക് ചായയും പലഹാരവും ആയാണ് ചൊവ്വാഴ്ച രാവിലെ അദ്ദേഹമെത്തിയത്. എന്നാൽ, ആ ഉപചാരം സ്വീകരിക്കാൻ അവർ തയ്യാറായില്ല. പ്രചോദനാത്മകവും രാഷ്ട്രതന്ത്രജ്ഞതയോടെയുമുള്ള പെരുമാറ്റമെന്നാണ് ഉപാധ്യക്ഷന്റെ നടപടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി വിശേഷിപ്പിച്ചത്*




# കളിയല്ല കൈയാങ്കളി



## നിയമസഭയിലെ കേസ് പിൻവലിക്കാനാവില്ല- കോടതി

### മന്ത്രിമാരായ ഇ.പി. ജയരാജൻ, കെ.ടി. ജലീൽ എന്നിവരടങ്ങുന്ന പ്രതികൾ 15-ന് നേരിട്ട് ഹാജരാകണം

**തിരുവനന്തപുരം** ▸ നിയമസഭയിൽ കൈയാങ്കളി നടത്തുകയും സ്പീക്കറുടെ മൈക്കും കംപ്യൂട്ടറും അടക്കമുള്ള സാധനങ്ങൾ തകർക്കുകയും ചെയ്ത കേസ് പിൻവലിക്കാനാവില്ലെന്ന് കോടതി. കേസിൽ അടുത്തമാസം 15-ന് മന്ത്രിമാരായ ഇ.പി. ജയരാജൻ, കെ.ടി. ജലീൽ എന്നിവരടക്കമുള്ള ആറു പ്രതികൾ നേരിട്ട് ഹാജരാകണമെന്നും തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി കർശനനിർദേശം നൽകി.

2015 മാർച്ച് 13-ന് അന്നത്തെ ധനമന്ത്രി കെ.എം. മാണി ബജറ്റ് അവതരിപ്പിക്കുന്നത് തടയുന്നതിന്റെ പേരിലായിരുന്നു സഭയിൽ അക്രമങ്ങൾ നടന്നത്. അന്ന് പ്രതിപക്ഷനിരയിലുണ്ടായിരുന്ന കെ. അജിത്, കെ. കുഞ്ഞുമുഹമ്മദ്, സി.കെ. സദാശിവൻ, വി. ശിവൻകുട്ടി എന്നിവരാണ് കേസിലെ മറ്റുപ്രതികൾ.

സഭയിലെ അംഗങ്ങളുടെ കൂട്ടായ സഹകരണവും സൗഹൃദവും നിലനിർത്തേണ്ടത് പൊതുതാത്പര്യമായതിനാൽ ഹർജി പിൻവലിക്കണമെന്നായിരുന്നു സർക്കാർ ആവശ്യം. പൊതുമുതൽ നശിപ്പിച്ച കേസുകൾ പിൻവലിക്കരുതെന്ന മേൽക്കോടതി ഉത്തരവുകളുള്ളതിനാൽ കേസ് പിൻവലിക്കാനാകില്ലെന്ന് കോടതി അറിയിച്ചു. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ആർ. ജയകൃഷ്ണനാണ് ഹർജി തള്ളിയത്. രണ്ടു ലക്ഷത്തിലധികം രൂപയുടെ സാമ്പത്തികനഷ്ടം ജനപ്രതിനിധികൾ ഉണ്ടാക്കിയെന്നാണ് ക്രൈംബ്രാഞ്ചിന്റെ കുറ്റപത്രം. കേസ് പിൻവലിക്കുന്നതിനെതിരേ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയടക്കം അഞ്ചുപേർ കോടതിയിൽ എതിർ ഹർജി നൽകിയിരുന്നു.



### നഷ്ടം നികുതിദായകർക്ക്

▸ സാമാജികർ ഉണ്ടാക്കിയ രണ്ടുലക്ഷത്തിലധികം രൂപയുടെ നഷ്ടം കേരളത്തിലെ നികുതിദായകർക്കുണ്ടായ നഷ്ടമാണെന്ന് കോടതി വിലയിരുത്തി. കേസ് പിൻവലിച്ചാൽ നിയമവ്യവസ്ഥയെ തടസ്സപ്പെടുത്തുന്നതിനൊപ്പം പൊതുസമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നതിനും ഇതിടയാക്കും. കുറ്റംചെയ്തവർ നിയമസഭാ സാമാജികരും കുറ്റം ചെയ്തത് നിയമസഭയ്ക്കുള്ളിലുമാണെന്നത് കുറ്റത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. നിയമസഭാ സാമാജികർക്ക് സഭയ്ക്കുള്ളിൽ സംസാരിക്കാനും വോട്ടുചെയ്യാനുമുള്ള അവകാശം മാത്രമേയുള്ളൂ. നിയമസഭാ സെക്രട്ടറി മൊഴിനൽകിയത് സ്പീക്കറുടെ അറിവോടും അനുമതിയോടുമാണ്. അതുകൊണ്ടുതന്നെ കുറ്റംചെയ്ത സാമാജികർക്കെതിരേ കേസെടുക്കാൻ സ്പീക്കറുടെ പ്രത്യേക അനുമതി ആവശ്യമില്ല -കോടതി വ്യക്തമാക്കി.




### കോടതി നിലപാട് അംഗീകരിക്കുന്നു

കോടതിനിലപാട് അംഗീകരിച്ച് മുന്നോട്ടുപോവുകയെന്നതാണ് സർക്കാർ നിലപാട്. കോടതികൾ അവരുടേതായ സ്വതന്ത്ര നിലപാടുവെച്ചാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. അവരുടെ വിലയിരുത്തലിനുശേഷം ചിലപ്പോൾ അംഗീകരിച്ചെന്നും ഇല്ലെന്നും വരും. ഏത് തീരുമാനം വന്നാലും അത് അംഗീകരിച്ച് മുന്നോട്ടുപോവുകയെന്നതാണ് സർക്കാർ നിലപാട്. നിയമസഭയിൽ അംഗങ്ങൾ തമ്മിൽ ചർച്ചനടക്കുമ്പോൾ വീറോടെയും വാശിയോടെയും ഇടപെടാറുണ്ട്. അത് സാധാരണ നാട്ടിൽ നടക്കുന്നപോലെ പകയോടെ പിന്നീട് വെച്ചുപുലർത്താറില്ല. സ്വാഭാവികമായും അതൊക്കെ ചർച്ചനടത്തി പരിഹരിക്കുകയാണ് പതിവ്. ആ ശാന്തമായ അന്തരീക്ഷത്തിന്റെ തുടർച്ച എന്ന നിലയിലാണ് കേസ് എഴുതിത്തള്ളുന്ന നിലപാട് സ്വീകരിച്ചത്.



**- പിണറായി വിജയൻ,** മുഖ്യമന്ത്രി

### പരമാവധി ശിക്ഷ വാങ്ങിനൽകുംവരെ കേസ് തുടരും

നിയമസഭയ്ക്കകത്ത് കാട്ടിക്കൂട്ടിയ അക്രമങ്ങൾക്കും നശീകരണങ്ങൾക്കും പരമാവധി ശിക്ഷ വാങ്ങിച്ച് കൊടുക്കുന്നതുവരെ കേസ് തുടരും



**-രമേശ് ചെന്നിത്തല,** പ്രതിപക്ഷ നേതാവ്

പ്രതിഷേധം മാണിയുടെ ബജറ്റ് അവതരണം തടയാൻ 07

# തൊഴിൽബില്ലുകൾ ലോക്സഭ പാസാക്കി

**ന്യൂഡൽഹി** ▸ 300 തൊഴിലാളികൾവരെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരെ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പിരിച്ചുവിടാമെന്നും ആവശ്യമെങ്കിൽ പൂട്ടാമെന്നുമുള്ള വ്യവസ്ഥയടങ്ങുന്ന വ്യവസായബന്ധ കോഡ് ഉൾപ്പെടെയുള്ള മൂന്ന് തൊഴിൽബില്ലുകൾ ചൊവ്വാഴ്ച ലോക്സഭ പാസാക്കി.

തൊഴിലാളി യൂണിയനുകൾക്കും തൊഴിൽ സമരങ്ങൾക്കും കടുത്ത നിയന്ത്രണമാണ് ബിൽ നിർദേശിക്കുന്നത്. എന്നാൽ, സാമൂഹികസുരക്ഷാപദ്ധതികളുടെ പരിധിയിൽ അസംഘടിത തൊഴിലാളികൾക്കൊപ്പം ഓൺലൈൻ രംഗത്തെ ഗിഗ് തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താൻ സാമൂഹികസുരക്ഷാകോഡ് ബിൽ നിർദേശിക്കുന്നുണ്ട്. കാർഷികബില്ലുകൾ കർഷകവിരുദ്ധമെന്നപോലെ തൊഴിൽബില്ലുകൾ തൊഴിലാളിവിരുദ്ധമാണെന്ന് പ്രതിപക്ഷം ആരോപിച്ചു.

## 4,125 പേർക്കുകൂടി കോവിഡ്

**ലോകം**
മരണം: 9,72,593
- രോഗബാധിതർ: 3,16,74,786

**ഇന്ത്യ**
മരണം: 89,579
- രോഗബാധിതർ: 56,17,699